**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 161** **05-02-2026 - ൽ മറുപടിയ്ക്ക്**

**ലൈഫ് ഭവന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. നന്ദകുമാർ,<br>ശ്രീ. പി.പി. ചിത്തരഞ്ജൻ,<br>ശ്രീ. പി.വി. ശ്രീനിജിൻ,<br>ശ്രീ ജി സ്റ്റീഫൻ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | രാജ്യത്ത് പലയിടങ്ങളിലും വികസനത്തിന്റെ മറവിൽ വീടുകൾ പൊളിച്ചു മാറ്റുന്ന സാഹചര്യത്തിൽ കേരളത്തിലെ ലൈഫ് ഭവന പദ്ധതി അതിനൊരു ബദലാണെന്ന വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (എ) | സംസ്ഥാനത്തെ ഭവനരഹിതരായ എല്ലാ കുടുംബങ്ങൾക്കും അടച്ചുറപ്പുള്ള ഭവനങ്ങൾ ലഭ്യമാക്കുന്നതിനായി സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന സമഗ്ര പദ്ധതിയാണ് ലൈഫ് സമ്പൂർണ്ണ പാർപ്പിട സുരക്ഷ പദ്ധതി. ലൈഫ് ഭവനപദ്ധതി രാജ്യത്തിന് മാതൃകയായിട്ടുള്ള ഒരു പദ്ധതിയാണെന്ന് വിലയിരു ത്തപ്പെടുന്നു. ലൈഫ് ഭവനപദ്ധതിയുടെ ഭാഗമായി 31.01.2026 വരെ 6,00,610 ഗുണഭോക്താക്കൾ ഭവനനിർമ്മാണ ധനസഹായത്തിനായി തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുമായി കരാറിലേർപ്പെട്ടതിൽ 4,82,736 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. 1,17,874 വീടുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നു. ഭവനനിർമ്മാണധനസഹായമിനത്തിൽ ജനറൽ/ എസ്.സി./ എസ്.ടി. വിഭാഗത്തിന് 4,00,000 രൂപയും, പട്ടികവർഗ്ഗ സങ്കേതങ്ങൾക്ക് അകത്തും സമീപത്തും, ദുർഘട പ്രദേശങ്ങളിലേയും പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് 6,00,000/- രൂപയും ഭവനനിർമ്മാണ ധനസ ഹായമായി അനുവദിക്കുന്നു. ഭവനനിർമ്മാണ ധനസഹായ മിനത്തിൽ ഏറ്റവും കൂടുതൽ തുക അനുവദിക്കുന്നു, ഭൂരഹിത ഭവനരഹി തരുടെ പുനരധിവാസം ഉറപ്പാക്കുന്നു, അടച്ചുറപ്പുള്ള വീടുകൾ നൽകുന്നതി നോടൊപ്പം ജീവനോപാധി പ്രദാനം ചെയ്യുന്നു എന്നിവ ലൈഫ് ഭവന പദ്ധതിയെ മറ്റ് ഭവനപദ്ധതികളിൽ നിന്നും വ്യത്യസ്തമാക്കുന്ന ഘടകങ്ങളായിവിലയിരുത്തപ്പെടുന്നു. രാജ്യത്ത് നടപ്പാക്കിയ സുരക്ഷിത ഭവന പദ്ധതികളിൽ ഏറ്റവും നല്ല പ്രാക്ടീസുകളിലൊന്നായി ലൈഫ് മിഷൻ പദ്ധതിയെ നീതി ആയോഗ് വിലയിരുത്തിയിട്ടുണ്ട്. |
| (ബി) | ഏതെല്ലാം പദ്ധതികൾ സംയോജിപ്പിച്ചാണ് ലൈഫ് ഭവന പദ്ധതി ആരംഭിച്ചതെന്നും ഇതുവരെ ഏതെല്ലാം മേഖലകളിലായി എത്ര വീതം വീടുകൾ പൂർത്തിയാക്കാൻ കഴിഞ്ഞിട്ടുണ്ടെന്നും വ്യക്തമാക്കാമോ; | (ബി) | സംസ്ഥാന സർക്കാരിന്റെ ഭവനപദ്ധതികളും വിവിധ വകുപ്പുകൾ (പട്ടികജാതി/ പട്ടികവർഗ്ഗം/ ഫിഷറീസ്/ ന്യൂനപക്ഷ ക്ഷേമം) മുഖേന നടപ്പിലാക്കി വന്നിരുന്ന ഭവനപദ്ധതികളും കേന്ദ്ര വിഹിതം ലഭിക്കുന്ന പി.എം.എ.വൈ (ഗ്രാമീൺ), പി.എം.എ.വൈ (അർബൻ) എന്നിവയും സംയോജിപ്പിച്ച ഒരു സമഗ്ര ഭവനപദ്ധതിയാണ് ലൈഫ് സമ്പൂർണ്ണ പാർപ്പിട സുരക്ഷ പദ്ധതി. ലൈഫ് ഭവനപദ്ധതി പ്രകാരം 2016-17 മുതൽ 31.01.2026 വരെ 6,00,610 ഗുണഭോക്താക്കൾ ഭവനനിർമ്മാണ ധനസഹായത്തിനായി തദ്ദേശസ്വ യംഭരണ |

സ്ഥാപനങ്ങളുമായി കരാറിലേർപ്പെട്ടതിൽ 4,82,736 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. 1,17,874 വീടുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നു. വിശദാംശം അനുബന്ധമായി ചേർക്കുന്നു.

(സി) ലൈഫ് ഭവന പദ്ധതിയുമായി ബന്ധപ്പെട്ട വിവിധ പദ്ധതികൾ വഴി കേന്ദ്ര-സംസ്ഥാന സർക്കാരുകളും തദ്ദേശസ്വയംഭരണ വകുപ്പും എത്ര തുക വീതമാണ് ലഭ്യമാക്കുന്നതെന്നും അതനുസരിച്ച് നാളിതുവരെ ഓരോ വിഭാഗവും അനുവദിച്ച തുക എത്ര വീതമാണെന്നും അറിയിക്കാമോ;

(സി) പി.എ.എവൈ(ഗ്രാമിൺ), പി.എം.എ. വൈ(അർബൻ) എന്നിവയും സംസ്ഥാനത്തെ വിവിധ ഭവന പദ്ധതികളും സംയോജിപ്പിച്ച് ലൈഫ് പദ്ധതിയിലൂടെ ഭവന നിർമ്മാണ ധനസഹായം , വീടൊന്നിന് 4 ലക്ഷം രൂപയും പട്ടികവർഗ്ഗ സങ്കേതങ്ങൾക്ക് അകത്തും സമീപത്തും ദുർഘടപ്രദേശത്തുമുള്ള ഭവന നിർമ്മാണത്തിന് പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് 6 ലക്ഷം രൂപ യുമായി ഏകീകരിച്ച് നൽകുന്നു

**.ലൈഫ് ഭവന പദ്ധതിയുമായി ബന്ധപ്പെട്ട വിവിധ പദ്ധതികൾ വഴി കേന്ദ്ര – സംസ്ഥാന സർക്കാരുകളും തദ്ദേശ സ്വയംഭരണ സ്ഥാപനവും നൽകുന്ന തുകയുടെ വിവരം ചുവടെ ചേർക്കുന്നു.**

**ലൈഫ് ഭവനപദ്ധതി- ഗ്രാമ പഞ്ചായത്ത്-**

**ജനറൽ/എസ്.സി/എസ്.ടി -യൂണിറ്റ് കോസ്റ്റ് -400000 രൂപ**

| | |
|---|---|
| തദ്ദേശ സ്വയംഭരണ സ്ഥാപന വിഹിതം | 80,000 രൂപ |
| സംസ്ഥാന വിഹിതം | 1,00,000 രൂപ |
| വായ്പ വിഹിതം | 2,20,000 രൂപ |
| ആകെ | 4,00,000 രൂപ |

**പട്ടികവർഗ്ഗ സങ്കേതങ്ങളിലെ പട്ടിക വർഗ്ഗ വിഭാഗം റിമോർട്ട് എസ്.ടി- 6,00,000 രൂപ**

| | |
|---|---|
| തദ്ദേശ സ്വയംഭരണ സ്ഥാപന വിഹിതം | 80,000 രൂപ |
| സംസ്ഥാന വിഹിതം | 3,00,000 രൂപ |
| വായ്പ വിഹിതം | 2,20,000 രൂപ |
| ആകെ | 6,00,000 രൂപ |

വായ്പയുടെ മുതൽ തിരിച്ചടവ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ നൽകുന്ന വികസന ഫണ്ടിൽ നിന്നും വഹിക്കുന്നു. പലിശ സർക്കാരും വഹിയ്ക്കുന്നു.

**ലൈഫ് -പി.എം.എ.വൈ(ഗ്രാമിൺ)**

തുക രൂപയിൽ

| കാറ്റഗറി | ജനറൽ | എസ്.സി | എസ്.ടി |
|---|---|---|---|
| കേന്ദ്ര വിഹിതം | 72,000 | 72,000 | 72,000 |
| സംസ്ഥാന വിഹിതം | 48000 | 48000 | 48000 |
| ഗ്രാമപഞ്ചായത്ത് വിഹിതം | 70000 | 45000 | 95000 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 112000 | 72000 | 152000 |
| ജില്ല പഞ്ചായത്ത് വിഹിതം | 98000 | 63000 | 133000 |
| എസ് സി വകുപ്പ് | 0 | 100000 | 0 |

| | | | |
|---|---|---|---|
| എസ് ടി വകുപ്പ് | 0 | 0 | 100000 |
| **ആകെ** | **400000** | **400000** | **600000** |

**പി.എം ജൻമൻ**

(തുക രൂപയിൽ)

| | |
|---|---|
| കേന്ദ്ര വിഹിതം | 1,20,000 |
| സംസ്ഥാന വിഹിതം | 80,000 |
| ഗ്രാമപഞ്ത്തായത്ത് വിഹിതം | 75,000 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 1,20,000 |
| ജില്ല പഞ്ചായത്ത് വിഹിതം | 1,05,000 |
| എസ് സി വകുപ്പ് | 1,00,000 |
| **ആകെ** | **600000** |

**ലൈഫ് പി.എം.എ.വൈ(അർബൻ)**
(തുക രൂപയിൽ)

| | |
|---|---|
| കേന്ദ്ര വിഹിതം | 1,50,000 |
| സംസ്ഥാന വിഹിതം | 50,000 |
| നഗരസഭ/ വായ്പ വിഹിതം | 2,00,000 |
| ആകെ | 4,00,000 |

ലൈഫ് ഭവനപദ്ധതി നിർവഹണത്തിനായി കേന്ദ്ര സംസ്ഥാന സർക്കാരുകളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും 31/01/2026 വരെ നൽകിയ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

ലൈഫ് ഭവനപദ്ധതി -ഗ്രാമപഞ്ചായത്ത്

(തുക കോടിയിൽ)

| | |
|---|---|
| സംസ്ഥാന വിഹിതം | 5474.67 |
| വായ്പ വിഹിതം(ഹഡ്കോ) | 3718.78 |
| തദ്ദേശ സ്ഥാപന വിഹിതം | 4632.67 |
| **ആകെ** | **13826.12** |

**ലൈഫ് -പിഎംഎവൈ(അർബൻ)**

(തുക കോടിയിൽ)

| | |
|---|---|
| കേന്ദ്രം വിഹിതം | 1718.91 |
| സംസ്ഥാന വിഹിതം | 567.69 |
| വായ്പ വിഹിതം(ഹഡ്കോ)<br>തദ്ദേശ സ്ഥാപന വിഹിതം(1138.66+735) | 1873.66 |
| **ആകെ** | **4160.26** |

**<u>ലൈഫ് -പിഎംഎവൈ(ഗ്രാമിൺ)</u>**

(തുക കോടിയിൽ)

| | |
|---|---|
| കേന്ദ്രം വിഹിതം | 767.8799000 |
| സംസ്ഥാന വിഹിതം | 530.7286000 |
| ത്രിതല പഞ്ചായത്ത് വിഹിതം | 1100.5006384 |
| എസ്.സി വകുപ്പ് | 212.3810429 |
| എസ്.ടി വകുപ്പ് | 20.6564340 |
| **ആകെ** | **2632.1466153** |

**<u>പി.എം ജൻമൻ</u>**

(തുക കോടിയിൽ)

| | |
|---|---|
| കേന്ദ്രം വിഹിതം | 2.1100000 |
| സംസ്ഥാന വിഹിതം | 1.4067000 |
| ത്രിതല പഞ്ചായത്ത് വിഹിതം | 10.8909203 |
| എസ്.ടി വകുപ്പ് | 5.2300000 |
| **ആകെ** | **19.6376203** |

ലൈഫ് പദ്ധതിയുടെ ഭാഗമായി ആകെ ഇതുവരെ 20638.16423560 കോടി രൂപ നൽകിയിട്ടുണ്ട്. അതിൽ 2488.8999 കോടി രൂപ കേന്ദ്ര വിഹിതവും 18149.2643356 കോടി രൂപ സംസ്ഥാന - തദ്ദേശസ്വയംഭരണ സ്ഥാപന വിഹിതവുമാണ്.

| | | | |
|---|---|---|---|
| (ഡി) | പദ്ധതിയുടെ ഭാഗമായി നിലവിൽ അനുവദിച്ചതും നിർമ്മാണത്തിലിരിക്കുന്നതുമായ വീടുകളുടെയും ഫ്ലാറ്റുകളുടെയും എണ്ണം വെളിപ്പെടുത്താമോ? | (ഡി) | ലൈഫ് ഭവനപദ്ധതിയുടെ ഭാഗമായി 31.01.2026 വരെ 600610 ഗുണഭോക്താക്കൾ ഭവന നിർമ്മാണ ധനസഹായത്തിനായി തദ്ദേശ സ്ഥാപനവുമായി കരാറിലേർപ്പെട്ടതിൽ 482736 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. 117874 വീടുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നു. ഇതിനു പുറമേ ലൈഫ് മിഷൻ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ, പാർട്ടണർഷിപ്പ് സ്പോൺസർഷിപ്പ് എന്നിവയിലൂടെ 18 ഫ്ലാറ്റുകളുടെ നിർമ്മാണം പൂർത്തീകരിച്ചു. 23 ഫ്ലാറ്റുകളുടെ നിർമ്മാണം പുരോഗമിക്കുന്നു. |

സെക്ഷൻ ഓഫീസർ

ലൈഫ് പുരോഗതി ഒറ്റനോട്ടത്തിൽ 2017 മുതൽ 31.01.2026 വരെ

| നം. | ലൈഫ് മിഷൻ/<br><br>വകുപ്പുകൾ | കരാറിലേർപ്പെട്ട വീടുകളുടെ എണ്ണം | പൂർത്തീകരിച്ച വീടുകളുടെ എണ്ണം |
|---|---|---|---|
| 1 | ലൈഫ് ഒന്നാം ഘട്ടം<br><br>(പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം) | 54,116 | 52,680 |
| 2 | ലൈഫ് രണ്ടാം ഘട്ടം<br><br>(ഭൂമിയുള്ള ഭവനരഹിതരുടെ ഭവന നിർമ്മാണം), | 1,00,713 | 98,851 |
| 3 | ലൈഫ് മൂന്നാം ഘട്ടം<br><br>(ഭൂരഹിത ഭവനരഹിതരിൽ നിന്നും ഭൂമിയാർജ്ജിച്ചവർ) | 33,413 | 28,845 |
| 4 | അഡീഷണൽ ലിസ്റ്റ് (എസ്സി/എസ്.ടി/ ഫിഷറീസ്) | 37,771 | 32,205 |
| 5 | ലൈഫ് 2020 + ഇ.പി.ഇ.പി. | 1,43,187 | 96,870 |
| 7 | പി.എം.എ.വൈ–ലൈഫ് (അർബൻ) | 1,13,183 | 97,226 |
| 8 | പി.എം.എ.വൈ–ലൈഫ് (റൂറൽ) | 76,851 | 34,683 |
| 9 | വിവിധ വകുപ്പുകൾ | 40,450 | 40,450 |
| 10 | ഭവനസമുച്ചയങ്ങളിലൂടെ പുനരധിവസിപ്പിക്കപ്പെട്ടവർ | 926 | 926 |
| | **ആകെ** | **6,00,610** | **4,82,736** |